
# വിശ്വാസജീവിത വീഥി

## വിജയകരമായ ക്രിസ്തീയ ജീവിതത്തിനൊരു വഴികാട്ടി



ഒരു BGM പ്രസിദ്ധീകരണം

# വിശ്വാസ ജീവിത വീഥി

## വിജയകരമായ ക്രിസ്തീയ ജീവിതത്തിനൊരു വഴികാട്ടി

ഒരു **BGM** പ്രസിദ്ധീകരണം

# വിശ്വാസ ജീവിതവീഥി

വിജയകരമായ ക്രിസ്തീയ ജീവിതത്തിനൊരു വഴികാട്ടി

പ്രതിസന്ധികളും പ്രയാസവും നിറഞ്ഞ ജീവിതത്തിൽ നാം എല്ലാവരും സ്നേഹവും കരുതലും ആശ്വാസവും ആഗ്രഹിക്കുന്നു. നല്ല ജോലിയും സാമ്പത്തിക ഭദ്രതയും കൈവന്നിട്ടും എന്തൊക്കെയോ ശൂന്യത നമ്മിൽ പലപ്പോഴും തളം കെട്ടുന്നു. സാമ്പത്തിക ഭദ്രതയോ ജോലി സുരക്ഷയോ വേണ്ടത്ര ഇല്ലാത്ത സാധാരണക്കാരുടെ സ്ഥിതിയും മറിച്ചല്ല. മനുഷ്യന്റെ അവസ്ഥ എന്തു തന്നെ ആയാലും അന്തരാത്മാവിൽ ഒരു ശൂന്യതാബോധം ഉളവാകുന്നു. ഈ ശൂന്യതാ ബോധമാണ് നമ്മെ ഈശ്വര സന്നിധിയിലേക്ക് ആനയിക്കുന്നത്. നമ്മുടെ സ്രഷ്ടാവായ ദൈവത്തെ നാം അറിയേണ്ടതു പോലെ അറിയണം. അങ്ങനെ അറിയുമ്പോൾ മാത്രമേ നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകയുള്ളു. ഈ നിലയിൽ അനുഗ്രഹിക്കപ്പെട്ട ജീവിതം നയിക്കുവാൻ പ്രത്യാശയും ആശ്വാസവുമുള്ള ജീവിതം നയിക്കുവാൻ എന്നെ സഹായിച്ചത് വിശുദ്ധ ബൈബിളാണ്. ആയതിനാൽ വിശുദ്ധ ബൈബിളിനെ ആധാരമാക്കി ജീവിതം അനുഗ്രഹപൂർണ്ണമാക്കാനുള്ള ചില ആശയങ്ങൾ താങ്കളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ ചെറുപുസ്തകം താങ്കളുടെ ജീവിതം അനുഗ്രഹപ്രദമാക്കും എന്ന പ്രതീക്ഷയോടെ.

SJP




# ദൈവിക ദാനം

ഒരിടത്ത് അനൂപ് എന്നു പേരുള്ള ഒരു മുങ്ങൽ വിദഗ്ധൻ ഉണ്ടായിരുന്നു. കടലിന്റെ ആഴങ്ങളിൽ ചെന്ന് മുത്തുച്ചിപ്പികൾ കണ്ടെത്താനുള്ള അസാമാന്യ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇങ്ങനെ കണ്ടെത്തുന്ന മുത്തുച്ചിപ്പികൾ വിറ്റഴിച്ചാണ് താൻ ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്.

കാറ്റും കോളും നിറഞ്ഞ കടലോരങ്ങളിലൂടെ വാടിയ മുഖത്തോടെ നടന്നുപോകുന്ന അനൂപിനെ ആ ദേശത്തു സുവിശേഷമറിയിക്കുന്ന ആനന്ദ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മുത്തുകൾ വിറ്റ് കോടീശ്വരനായ അനൂപിന്റെ ദുഃഖത്തിനുള്ള കാരണം ചോദിക്കാൻ തന്നെ ആനന്ദ് തീരുമാനിച്ചു. ആനന്ദ് വളരെ സ്നേഹത്തോടെ അനൂപിനെ സമീപിച്ച് അദ്ദേഹത്തോട് ചോദിച്ചു. "ഭൗമികമായി ഉയർന്ന ജീവിതം നയിക്കുന്ന താങ്കൾ ഇങ്ങനെ ദുഃഖിച്ചു നടക്കാൻ കാരണമെന്താണ്? താങ്കളെ ഞാൻ ചില ദിവസങ്ങളായി ശ്രദ്ധിക്കുന്നു. അനൂപ് ഇപ്രകാരമാണ് മറുപടി പറഞ്ഞത് "സമ്പത്ത് എനിക്കുണ്ടെന്നതു ശരി തന്നെ; ഭൗമികമായി എനിക്ക് ഒന്നിനും കുറവില്ല; മറ്റുള്ളവരെ ഒരു പരിധി വരെ സഹായിക്കാനും എനിക്കു സാധിക്കുന്നു. എങ്കിലും കാറ്റും കോളും നിറഞ്ഞ ഈ കടൽ പോലെയാണ് എന്റെ മനസ്സ്. എന്താണ് ഒരു പരിഹാരം? ആലോചിക്കുകയാണ് ഞാൻ".

മനുഷ്യനിൽ ഈ നിലയിൽ സമ്പത്തു കൊണ്ടോ സുഖസൗകര്യങ്ങൾ കൊണ്ടോ നിറവേറ്റാനാവാത്ത ഒരു ശൂന്യതാബോധം ഉണ്ടാകുന്നതു സ്വഭാവികമാണെന്നും ദൈവിക സാന്നിധ്യത്തിലേക്കു മനുഷ്യൻ വരുമ്പോൾ മാത്രമേ അതിനു പരിഹാരമുള്ളുവെന്നും ആനന്ദ് അദ്ദേഹത്തോടു പറഞ്ഞു.

ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ ദൈവവുമായി ഹൃദ്യമായ ബന്ധത്തിലായിരുന്നു. ദൈവവുമായുള്ള ബന്ധത്തിലെ ജീവിതം അർത്ഥപൂർണ്ണവുമായിരുന്നു. എന്നാൽ ദൈവകല്പനയെ മനുഷ്യൻ ലംഘിച്ചതു മൂലം ദൈവവുമായുള്ള അവന്റെ ബന്ധം നഷ്ടമായി. അനുസരണക്കേടു തന്നെ പാപം എന്നു ബൈബിൾ പറയുന്നു. നമ്മുടെ ജീവിതത്തിലും അസമാധാനത്തിനും ശൂന്യതാബോധത്തിനും കാരണമായിരിക്കുന്നതു നമ്മിലെ പാപമാണ്. ദൈവം നമ്മോടു ചെയ്യുവാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുന്നതും ചെയ്യരുതെന്നു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതാണ് പാപം. ഈ വിഷയത്തിൽ അടിസ്ഥാനപരമായ ബോദ്ധ്യം നമ്മുടെ മനസാക്ഷിയിൽ ആലേഖനം ചെയ്തിട്ടുണ്ട്." (റോമർ. 2:15).

നീതിമാനായ ദൈവത്തിന്റെ മുമ്പാകെ മനുഷ്യൻ പാപിയാണ്. പാപിക്കു ന്യായവിധിയും ദൈവം കൽപ്പിച്ചിരിക്കുന്നു. (എബ്രായർ 9:26,27) . ഈ ന്യായവിധിയെക്കുറിച്ചു നമ്മുടെ മനസാക്ഷിയിൽ ദൈവം തന്നിരിക്കുന്ന ഉൾബോദ്ധ്യമാണ് എല്ലാം നേടിയിട്ടും ഉള്ളിന്റെയുള്ളിൽ അസന്തുഷ്ടരായി ജീവിക്കാനിടയാക്കുന്നത്. മരണാനന്തരമുള്ള ദൈവിക ന്യായവിധിയെ അംഗീകരിക്കാൻ മനസ്സില്ലാത്ത മനുഷ്യൻ ദൈവത്തെക്കാളുപരി തന്റെ ജഢിക താൽപ്പര്യങ്ങളിൽ ആശ്രയിച്ചു ജീവിക്കാനിഷ്ടപ്പെടുന്നു.

മരണാനന്തര ശിക്ഷാവിധി ദൈവിക നീതിയുടെ വിധിയാകയാൽ പാപിയായ മനുഷ്യനു സ്വയമേവ അതിൽ നിന്നും രക്ഷ നേടു

വാൻ സാധ്യമല്ല. നീതിയോടൊപ്പം തന്നെ സ്നേഹവുമുള്ള ദൈവം പാപിയായ മനുഷ്യനെ സ്നേഹിച്ചു. പാപത്തെ വെറുക്കുന്നുവെങ്കിലും ദൈവം പാപിയെ സ്നേഹിക്കുന്നു. അനുസരണക്കേടു നിമിത്തം പാപികളായ മനുഷ്യരെ നരകശിക്ഷയിൽ നിന്നും രക്ഷിപ്പാൻ യേശുക്രിസ്തു ജഡാവതാരമെടുത്തു ഭൂമിയിൽ വന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തെ ഏറ്റെടുത്തു കുരിശിൽ മരിച്ചു. തന്നിൽ വിശ്വാസമർപ്പിക്കുന്നവർക്കു യേശുക്രിസ്തു രക്ഷ സൗജന്യമായി നൽകുമെന്നുള്ള സുവിശേഷം ആനന്ദ് അദ്ദേഹത്തിന് വ്യക്തമായി വിവരിച്ചുകൊടുത്തു. എന്നാൽ ആത്മരക്ഷ പ്രവൃത്തി കൂടാതെ സൗജന്യമായി ലഭിക്കുമെന്ന സത്യം ഉൾക്കൊള്ളാൻ അനൂപിനും സാധിക്കുന്നില്ല. അദ്ദേഹം പറഞ്ഞു. ഒന്നും ചെലവിടാതെയുള്ള വെറും രക്ഷ എനിക്ക് വേണ്ടാ.

രക്ഷ ദൈവത്തിന്റെ ദാനമാണെന്നും വിശ്വാസത്താൽ അതു സ്വന്തമാക്കാമെന്നും തന്നാൽ ആവും വിധം ലളിതമായും വ്യക്തമായും ആനന്ദ് അദ്ദേഹത്തോടു പറഞ്ഞു. സൗജന്യമായി ലഭിക്കുന്ന രക്ഷ! അതെനിക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. ഇനി ഈ വിഷയം എന്നോടു സംസാരിക്കരുത് എന്നു അനൂപ് കർശനമായി പറഞ്ഞു. നമ്മൾ തമ്മിലുള്ള സ്നേഹബന്ധത്തിന് ഇതിനാൽ ഉലച്ചിൽ തട്ടരുത് എന്നു പറഞ്ഞ് ആനന്ദ് യാത്രയായി. മനുഷ്യനോടുള്ള ദൈവകൃപയെ അനൂപിന് ഉൾക്കൊള്ളാൻ സാധിക്കാത്തതിനാൽ ആനന്ദ് ദുഃഖിതനായി. അനൂപിന് വേണ്ടി ആനന്ദ് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഉപദേശിയുടെ വാതിലിൽ അതിരാവിലെ ഒരു മുട്ട് കേട്ടു. വാതിൽ തുറന്നു നോക്കിയ ആനന്ദ് ആശ്ചര്യപ്പെട്ടുപോയി. ഇതാര് അനൂപോ? എന്താണ് ഇത്ര രാവിലെ? "ഞാൻ ഒരു തീർത്ഥയാത്ര പോകുകയാണ്. മോക്ഷം നേടുന്നതിനായി ഞാൻ ഹിമാലയത്തിലേക്ക് നടന്നുപോകുക

യാണ്. ചിലപ്പോൾ ഈ യാത്രയിൽ മരിച്ചുപോയേക്കാം. നാം ഒരു പക്ഷേ ഇനി കണ്ടില്ലെന്നും വരാം" ഇത്രയും പറഞ്ഞിട്ട് അനൂപ് ഒരു ചെറിയ പെട്ടി ആനന്ദിനു കൊടുത്തു. ഇതു സൂക്ഷിക്കണം. ഞാൻ മടങ്ങിവന്നില്ലെങ്കിൽ ഇതു അങ്ങേയ്ക്ക് എടുക്കാം. ആനന്ദ് ആകാംക്ഷയോടെ അതു തുറന്നു നോക്കി. ആ കാഴ്ച കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. വിലയേറിയ ഒരു മുത്ത് ആയിരുന്നു പെട്ടിക്കുള്ളിൽ. ഉടനെ ആനന്ദ് പതിനായിരം രൂപ എടുത്ത് അനൂപിന് നൽകികൊണ്ട് ഇപ്രകാരം പറഞ്ഞു. "എനിക്ക് ആകെയുള്ള സമ്പാദ്യമാണിത്. ഈ മുത്തിന് ഇതിലും വിലയുണ്ടെന്നറിയാം. ഈ തുകയ്ക്കാണെങ്കിൽ ഞാനിതു മേടിക്കാം. അല്ലെങ്കിൽ എനിക്കു വേണ്ട. മറ്റാർക്കെങ്കിലും കൊടുത്തു കൊൾക. വെറുതെ മേടിക്കാൻ എനിക്കാഗ്രഹമില്ല.

അനൂപിന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. കരഞ്ഞു കൊണ്ട് അദ്ദേഹം പറഞ്ഞു. "എനിക്ക് ഒരേ ഒരു മകനേ ഉണ്ടായിരുന്നുള്ളു. അവനെ പ്രസവിച്ച സമയത്ത് അവന്റെ അമ്മ മരിച്ചു. ഞാനവനെ ഓമനിച്ചു വളർത്തി. വലുതായപ്പോൾ അതി സമർത്ഥനായ ഒരു മുങ്ങൽ വിദ്ഗധനായി അവൻ മാറി. ഞാൻ അവ്നെ ഓർത്തു സന്തോഷിച്ചു. ഒരിക്കൽ ഞങ്ങൾ രണ്ടുപേരും മുങ്ങാൻ പോയി. ആഴങ്ങളിൽ പവിഴപുറ്റ് കണ്ട് ഞാൻ സന്തോഷത്തോടെ അവിടെ ചെന്നു. കണ്ണഞ്ചിപ്പിക്കുന്ന ഒരു മുത്ത് കണ്ട് ഞാനതു എടുത്തപ്പൾ അതോടൊപ്പം നിർജീവമായ എന്റെ മകന്റെ ശരീരവും കിട്ടി. മുത്ത് എടുക്കവെ എന്റെ മകൻ ആഴങ്ങളിൽ നിശ്ചലനായി. അവന്റെ കയ്യിൽ ഇരുന്ന മുത്ത് ആണിത്. ഞാനവന്റെ ഓർമ്മയ്ക്കായി ഇതു സൂക്ഷിച്ചു. ഉപദേശി, ഇനി പറയൂ; "എന്റെ മകന്റെ വില നിങ്ങൾക്ക് തരാൻ സാധിക്കുമോ? " ഉപദേശി പറഞ്ഞു; "വില കൂടാതെ ഈ മുത്ത് എനിക്ക് വേണ്ട."

അതു കേട്ട് അസഹനീയമായ ഹൃദയവേദനയോടെ അനൂപ് പൊട്ടിക്കരഞ്ഞു. അപ്പോൾ ഉപദേശി പറഞ്ഞു; "സ്നേഹിതാ,

സ്വർഗ്ഗസ്ഥനായ ദൈവം തന്റെ ഏക മകനെ നമ്മുടെ പാപങ്ങളിൽ നിന്നും രക്ഷിക്കാനായി ബലിയാക്കിയ വിഷയം ഞാൻ പറഞ്ഞതല്ലോ. ആ നിലയിൽ സൗജന്യമായി നൽകുന്ന രക്ഷ വേണ്ടെന്നു താങ്കൾ പറഞ്ഞു.

താങ്കളുടെ മകന്റെ ജീവന് ഈ മുത്തിലും വില താങ്കൾ കൽപ്പിക്കുന്നു എങ്കിൽ ദൈവപുത്രനോടുള്ള ബന്ധത്തിൽ അത് എത്ര അധികം. അനൂപിന് കാര്യം മനസ്സിലായി. ദൈവം ദാനമായി നൽകിയ രക്ഷ വിലയ്ക്കു വാങ്ങണമെന്ന തന്റെ തീരുമാനം എത്ര ഭോഷത്വമായിരുന്നു എന്നോർത്ത് അദ്ദേഹം അനുതപിച്ചു. യേശുക്രിസ്തു തന്റെ പാപത്തിനു പകരക്കാരനായി ക്രൂശിൽ മരിച്ചുയർത്തു എന്ന് അംഗീകരിക്കയും യേശുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്തു.

ആ നിമിഷം തന്നെ തന്റെ പാപഭാരം ഇല്ലാതായി. ഹിമാലയ യാത്ര റദ്ദാക്കി, തന്റെ പ്രാണനെ രക്ഷിച്ച യേശുവിനു വേണ്ടി ജീവിക്കാൻ അദ്ദേഹം തന്നെ സമർപ്പിച്ചു.

ആത്മരക്ഷ ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തിയാൽ നേടുക സാധ്യമല്ല. വിശ്വാസം എന്ന ഏക വ്യവസ്ഥയിന്മേൽ ദൈവിക ദാനമായി ആത്മരക്ഷ നമുക്കു ലഭിക്കും. ഇതാണ് ബൈബിൾ നമുക്കു തരുന്ന സന്ദേശം.


❖❖❖❖

"ഒരു മനുഷ്യൻ സർവ്വ ലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും." (മത്തായി 16:26).

"സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ദൈവം ഇച്ഛിക്കുന്നു." (1 തിമൊ. 2:4)

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ (സൽക്കർമ്മങ്ങളാൽ) ഒരു മനുഷ്യനും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. ദൈവത്തിന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പ് മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്." (റോമ. 3:20,24).

"വിശ്വാസത്താലല്ല, പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ട് തന്നേ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി." (റോമ 9:32).



# ആത്മരക്ഷയുടെ പ്രാധാന്യം

ദൈവത്തിന്റെ സൃഷ്ടിയിൽ സവിശേഷതകൾ ഏറെയുള്ള സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യനും ദൈവവും തമ്മിൽ ഒരു ആത്മീക ബന്ധമുണ്ട്. എന്നാൽ ആദിമ മനുഷ്യനായ ആദാം അനുസരണക്കേട് കാണിച്ചതു മൂലം ആ ബന്ധം വേർപെട്ടു. തന്മൂലം ദൈവത്തിങ്കലേക്ക് മടങ്ങിച്ചെല്ലുവാനുള്ള ഒരു ഉൾവിളി നമ്മുടെ ഉള്ളിലുണ്ട്. ആ നഷ്ടബോധത്തിൽ നിന്നാണ് ഈശ്വരാന്വേഷണം നമ്മിലുണ്ടാകുന്നത്. ദൈവത്തിങ്കലേക്ക് മടങ്ങിച്ചെല്ലാനുള്ള നമ്മിലെ ആഗ്രഹം അതിൽ തന്നെ പ്രാധാന്യമർഹിക്കുന്നു. ദൈവത്തിങ്കലേക്ക് മടങ്ങിച്ചെല്ലുവാൻ ദൈവം കാണിച്ചു തന്ന വഴിയേ നാം പോകണമല്ലോ.

## നാം പാപികൾ ആയതു കൊണ്ട് രക്ഷ ആവശ്യമാണ്.

ആദിമ മനുഷ്യനായ ആദാം അനുസരണക്കേടിനാൽ, പാപിയായിത്തീർന്നു. ദൈവവുമായുള്ള ആത്മീകബന്ധത്തിൽ നിന്നും വേർപെട്ടു. മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് ബൈബിൾ ഇപ്രകാരം പറയുന്നു; ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്യുകയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. " (റോമ. 5:12). "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു. (റോമ.3:23) പാപത്തിന്റെ ശമ്പളം മരണമത്രേ. (റോമ. 6:23). നാം പാപികളാകയാൽ മരണത്തിന് അധീനരുമാണ്. ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടിനെയാണ് ഇവിടെ മരണം എന്നു വിശേഷിപ്പിക്കുന്നത്. പാപം മൂലം മരിച്ചവർക്ക് ഒരുക്കിയിരിക്കുന്ന സ്ഥലമാണ് നരകം. നരകത്തെക്കുറിച്ച് ബൈബിൾ പറയുന്നത് ഇപ്ര

കാരമാണ്; അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല (മർക്കോസ് 9:48). കൂടാതെ വെളിപ്പാട് 20:14ൽ നാം കാണുന്നത് ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും. പാപികൾ നരകശിക്ഷയ്ക്ക് അർഹരാണ്. അതു നിത്യകാലമാണ്. ആകയാൽ പാപിക്ക് ഇതിൽ നിന്നും ഒരു വിടുതൽ ആവശ്യമാണ്. നാം പാപികളാകയാൽ നമുക്കു രക്ഷ ആവശ്യമായിരിക്കുന്നു.

## രക്ഷിക്കപ്പെടുവാൻ എന്താണ് മാർഗ്ഗം?

യേശുക്രിസ്തു ഈ ഭൂമിയിലേക്ക് വന്നതു പാപികളെ രക്ഷിപ്പാനാണ്. യോഹന്നാൻ സ്നാപകൻ യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞത് "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 1:29) . നാം പാപം സംബന്ധിച്ച് മരിച്ചു നീതിക്കു വേണ്ടി ജീവിക്കേണ്ടതിന് യേശുക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ട് ക്രൂശിൽ മരിച്ചു. പാപങ്ങളെ നീക്കുവാനാണ് യേശുക്രിസ്തു പ്രത്യക്ഷനായത് (1 യോഹ. 3:5; 1 പത്രോസ് 2:24). പാപങ്ങളെ ഏറ്റുപറഞ്ഞ് കർത്താവായ യേശുക്രിസ്തുവിനെ പൂർണ്ണവിശ്വാസത്തോടെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്ന വ്യക്തിയുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി ശുദ്ധീകരിപ്പാൻ തക്കവണ്ണം കർത്താവ് വിശ്വസ്തനും നീതിമാനും ആകുന്നു. (1 യോഹ. 1:7).

## നാം എന്തു ചെയ്യണം?

നാം പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടണം (മത്തായി 4:17). പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കേണം. (അപ്പോസ്തോല പ്രവൃത്തി 3:19)

## എങ്ങനെ രക്ഷ പ്രാപിക്കാം?

രക്ഷ കൃപയാലും വിശ്വാസത്താലുമാണ് നമുക്ക് ലഭിക്കുക. "യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വ

സിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു (യോഹന്നാൻ 1:12) വിശ്വാസത്താൽ ദൈവമക്കളായിത്തീരുന്നവർ നിത്യജീവന് അവകാശികളാകുന്നു.

"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു." (എഫെ. 2:8) . "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹ. 3:16).

ദൈവം നമ്മെ അത്രയ്ക്ക് സ്നേഹിച്ചതുകൊണ്ട് തന്റെ പുത്രനെ നമുക്ക് തരുവാൻ പ്രസാദിച്ചതുകൊണ്ട് ഇത്ര വലിയ രക്ഷ നമുക്ക് ദാനമായി ലഭിക്കുന്നു. രക്ഷ നമുക്ക് സൗജന്യമായി നൽകേണ്ടതിന് ദൈവം വലിയ വില നൽകി.

യേശുക്രിസ്തുവിനെ ഏക രക്ഷകനും കർത്താവുമായി ആര് ഹൃദയത്തിൽ വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറകയും ചെയ്യുന്നുവോ അവർ രക്ഷ പ്രാപിക്കും (റോമർ 10:9,10).

പാപിയാണെന്ന ബോധ്യവും ആത്മരക്ഷയ്ക്കുള്ള ആത്മാർത്ഥമായ ആഗ്രഹവും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അതു ദാനമായി ലഭിക്കുമെന്ന ബോധ്യവും താങ്കൾക്കുണ്ടെങ്കിൽ ഇപ്രകാരം പ്രാർത്ഥിക്കുക; "യേശുവേ, ഞാൻ ഒരു പാപിയാണ്. എന്റെ പാപങ്ങൾ പരിഹരിക്കുവാൻ അങ്ങ് ക്രൂശിൽ മരിച്ചുയർത്തു എന്ന് ഞാൻ വിശ്വസിക്കുന്നു. പാപിയായ എന്നോട് കരുണ കാണിച്ച് എന്റെ പാപങ്ങൾ ക്ഷമിക്കണമേ. അങ്ങയെ ഞാൻ ഇപ്പോൾ എന്റെ ഏകരക്ഷകനും കർത്താവുമായി സ്വീകരിക്കുന്നു. ഇനിയുള്ള കാലം അവിടുത്തെ ഇഷ്ടം പോലെ ജീവിക്കാൻ എന്നെ സമർപ്പിക്കുന്നു. അടിയനെ സഹായിക്കണമെ. ആമേൻ" ഈ പ്രാർത്ഥനാ സമർപ്പണം പൂർണ്ണവിശ്വാസത്തോടെ ചെയ്തു എങ്കിൽ യേശു താങ്കളെ രക്ഷിച്ചിരിക്കുന്നു. ഇനി നിരാശപ്പെടേണ്ടതില്ല.

## രക്ഷ നഷ്ടപ്പെടുമോ?

രക്ഷിക്കപ്പെട്ടതിനു ശേഷം ജീവിതത്തിൽ കുറവുകൾ വന്നാൽ രക്ഷ നഷ്ടപ്പെടുമോ എന്ന ചിന്ത മാനുഷികമായി പലരിലുമുണ്ടാകാം. ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഈ വിഷയം എളുപ്പം ഗ്രഹിക്കാം.

1. രക്ഷ ഭദ്രമാണ്. കാരണം രക്ഷ ദൈവത്തിന്റെ ദാനമാണ്. ദാനം കൊടുത്തത് തിരിച്ചു മേടിക്കുന്ന വ്യക്തിയല്ലല്ലോ ദൈവം (എഫെ. 2:8).

2. ആര് യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി വിശ്വാസത്താൽ സ്വീകരിക്കുന്നുവോ ആ വ്യക്തി ദൈവത്തിന്റെ മകനായിത്തീരുന്നു. ഒരിക്കൽ മകനായാൽ പിന്നെ ആ വ്യക്തി മകനല്ലാതായിത്തീരുകയില്ല. അതു ജന്മാവകാശമാണ്. (യോഹ. 1:12).

3. രക്ഷിക്കപ്പെടുന്ന വ്യക്തി നിത്യജീവന് അവകാശിയാകുന്നു. നിത്യജീവൻ എന്നതു തന്നെ ഒരു നാളും നശിക്കാത്തത് എന്ന സന്ദേശമാണ് നമുക്ക് നൽകുന്നത് (യോഹന്നാൻ 3:16).


4. രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ പരിശുദ്ധാത്മാവ് എന്ന ആദ്യ ദാനം ലഭിക്കുന്നു. (റോമർ 8:23).

5. വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല എന്ന് വചനം പറയുന്നു. (യോഹ. 5:24).

6. കർത്താവിന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കാൻ ആർക്കും കഴിയില്ല. നാം സർവ്വശക്തനായ കർത്താവിന്റെ കൈയ്യിൽ സുരക്ഷിതരാണ് (യോഹ. 10:28).

അതുകൊണ്ട് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും ഭാഗ്യവാന്മാരാണ്. നമുക്ക് ലഭിച്ച വിളിക്കും ഭാഗ്യ പദവിക്കും അനുസരിച്ച് ദൈവനാമമഹത്വത്തിനായി ജീവിക്കാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

❖❖❖❖



# ആത്മീക വളർച്ച

അനേകം നാളുകളിലെ കാത്തിരിപ്പിനും പ്രാർത്ഥനകൾക്കും ശേഷമാണ് ആ ദമ്പതികൾക്ക് ഒരു കുഞ്ഞ് ജനിച്ചത്. വളരെ സ്നേഹത്തോടും ലാളനയോടും അവർ കുഞ്ഞിനെ കരുതി. എന്നാൽ ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ മാതാപിതാക്കൾക്ക് ആശങ്ക വർദ്ധിച്ചു. തങ്ങളുടെ കുഞ്ഞ് വേണ്ടതുപോലെ വളരുന്നില്ല. ഒരു നല്ല ഡോക്ടറെ കാണിക്കുവാൻ ബന്ധുക്കൾ അവരെ നിർബന്ധിച്ചു. പരിശോധനയിൽ മറ്റു ശാരീരിക പ്രശ്നങ്ങൾ ഒന്നുമില്ലെന്നു ഡോക്ടർ പറഞ്ഞു. മൂന്നര വയസ്സായ കുഞ്ഞിന് ഒരു വയസ്സ് പ്രായമുള്ള കുഞ്ഞിന്റെ വളർച്ച പോലുമില്ലാത്തത് ഡോക്ടറെയും അത്ഭുതപ്പെടുത്തി. കട്ടിയുള്ള ഭക്ഷണം കഴിച്ചു തുടങ്ങാൻ പ്രായമായ കുഞ്ഞിന് വേണ്ടത്ര മുലപ്പാൽ പോലും ലഭിക്കാത്തതാണ് വളർച്ച മുരടിച്ചു പോകാൻ കാരണമെന്ന് ഡോക്ടർ പറഞ്ഞു.

ആത്മീകജീവിതം ഒരു ജനനവും വളർച്ചയുമാണ്. യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീക

രിക്കുന്ന സമയത്ത് ഒരു വ്യക്തി ദൈവമകനായി ജനിക്കുന്നു. ഈ ദൈവപൈതൽ ദിനംപ്രതി വളരേണ്ടതാവശ്യമാണ്. അതിനായി നൽകപ്പെട്ടിരിക്കുന്ന പാലാണ് ദൈവവചനം അഥവാ ബൈബിൾ. "ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ" (1 പത്രോ. 2:1). വചനം വളർച്ചയ്ക്കുള്ള പോഷണം എന്നതുപോലെ തന്നെ നമ്മിലെ കുറവുകളെ കണ്ടെത്താൻ സഹായിക്കുന്ന കണ്ണാടിയാണ് (യാക്കോബ് 1:23-25). ഒരു വാൾ എന്നപോലെ നമ്മിലെ കുറവുകളെ ചെത്തി വെടിപ്പാക്കുന്നു. (എബ്രാ. 4:12). ഒരു ചുറ്റിക പോലെ (യിര. 23:29). മുറുകെ പറ്റുന്ന പാപങ്ങളെ ഉടെച്ചു കളയുന്നു. ദഹിപ്പിക്കുന്ന അഗ്നിയായി (എബ്രാ. 12:29) കർത്താവ് തന്റെ വചനത്താൽ നമ്മെ നിർമ്മലീകരിക്കുന്നു. മുറുകെ പറ്റുന്ന പാപങ്ങളെ ഉപേക്ഷിച്ച് മാനസാന്തരപ്പെട്ട ഹൃദയത്തിൽ ദൈവവചനമാകുന്ന ആത്മീയ ആഹാരം ഉൾക്കൊണ്ട് വളരുമ്പോൾ നന്മ തിന്മകളെ തിരിച്ചറിഞ്ഞ് ആത്മീക പക്വതയിൽ വളരുവാൻ നാം പ്രാപ്തരാകുന്നു. (എബ്രായർ 5:11-14).

## പുതിയ മനുഷ്യനും പഴയ മനുഷ്യനും

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അവൻ പുതുതായി തീർന്നിരിക്കുന്നു." (2 കൊരിന്ത്യർ 5:17).

"നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടു കൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിക്കുന്നുവല്ലോ." (കൊലോസ്യർ 3:9,10).

രക്ഷിക്കപ്പെടുന്ന സമയത്ത് നമ്മുടെ അന്തരംഗത്തിന് പുതുക്കം വരുന്നു. പാപ പ്രവൃത്തികളെ ഒഴിവാക്കി ജീവിക്കാൻ നാം ബാധ്യസ്ഥരാകുന്നു. അതു ഒരു പോരാട്ടമാണ്.

നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല; വാഴ്ചകളോടും അധികാരങ്ങളോടും ഈ ലോകത്തിലെ ദുഷ്ടാത്മ സേനയോടുമത്രേ (എഫെസ്യർ 6:13). ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മൂന്നു ശക്തികളാണ് നമ്മുടെ ആത്മീകജീവിതത്തിൽ വെല്ലുവിളി ഉയർത്തുന്നത് (1 യോഹന്നാൻ 2:16).

ഒരാൾക്ക് രണ്ട് പട്ടിയുണ്ട്. ഒന്നു കറുത്തതും ഒന്നു വെളുത്തതും. കറുത്ത പട്ടി ക്രൂരനും യജമാനനെ അനുസരിക്കാത്തതും, കണ്ണിൽ കാണുന്നവരെയെല്ലാം കടിച്ചു മുറിവേൽപ്പിക്കുന്നതുമാണ്. തക്കം കിട്ടുമ്പോഴൊക്കെയും വെളുത്തപട്ടിയെയും അവൻ ഉപദ്രവിക്കും. എന്നാൽ വെളുത്തപട്ടിയാകട്ടെ നല്ലവനും യജമാനനെ അനുസരിക്കുന്നവനും സ്നേഹവും വീട്ടുകാവലിൽ ശ്രദ്ധയുള്ളവനും അകാരണമായി ആരെയും ഉപദ്രവിക്കാത്തവനുമാണ്. ഈ രണ്ടു പട്ടികളെയും കൊല്ലുവാൻ യജമാനനു സാധിക്കില്ല. അങ്ങനെയെങ്കിൽ എന്തു ചെയ്യാനാണ് യജമാനൻ തയ്യാറാകുക.

ബുദ്ധിയുള്ള യജമാനൻ വെളുത്ത പട്ടിക്ക് നല്ല നല്ല ആഹാരം കൊടുത്ത് അതിനെ പുഷ്ടിയുള്ളതാക്കിത്തീർക്കും. കറുത്ത പട്ടിക്ക് ആഹാരം വേണ്ടത്ര നൽകാതെ അതിന്റെ ബലം നശിപ്പിക്കുന്നു. തന്മൂലം കറുത്ത പട്ടിയുടെ ആധിപത്യവും അതിക്രമവും നിലയ്ക്കുകയും നന്മയുള്ള വെളുത്ത പട്ടിയിലൂടെ യജമാനന്റെ ഇഷ്ടം നടപ്പിലാകുകയും ചെയ്യും. മറിച്ചാണ് കാര്യങ്ങൾ സംഭവിക്കുന്നതെങ്കിൽ സ്ഥിതി ഭയാനകമാകും.

വചനം പഠിച്ച് വളരുമ്പോൾ നാം ഒരു കാര്യം തിരിച്ചറിയും. നന്മ ചെയ്യാനാഗ്രഹിക്കുന്ന നമ്മിൽ തിന്മ വസിക്കുന്നു എന്ന യാഥാർത്ഥ്യം. പാപം ചെയ്യരുതെന്നു ചിന്തിക്കുന്ന നമ്മെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഒരു ശക്തി നമ്മിലുണ്ട്. ആ നിലയിൽ നമ്മുടെ ജഡത്തിൽ നന്മ വസിക്കുന്നില്ല. പൗലോസ് അപ്പോ

സ്തലൻ പറയുന്നതു പോലെ ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല. ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകെക്കുന്നതിനെ അത്രേ ചെയ്യുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല; എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നന്മ ചെയ്യാൻ ആഗ്രഹിക്കുന്ന എന്റെ പക്കൽ തിന്മ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് ആർ എന്നെ വിടുവിക്കും. നമ്മുടെ കർത്താവായ യേശു മുഖാന്തരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. കാരണം ദൈവകൃപയാൽ എനിക്ക് ജയം പ്രാപിക്കാൻ സാധിക്കും.

ചുരുക്കത്തിൽ, നാം നമ്മിലുള്ള ജഡസ്വഭാവത്തെ അടക്കി, പാപത്തോട് പ്രാണത്യാഗത്തോളം എതിർത്തു നിന്നാൽ അതിനെ കീഴടക്കാൻ നമുക്കു സാധിക്കും. ദൈവവചനത്തിന് വിധേയപ്പെട്ട്, ആത്മാവിൽ ശക്തി പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ജീവിക്കുവാൻ നമുക്കു കഴിയും. (എഫെസ്യർ 4:23-25). ആത്മീക പക്വതയിലേക്ക് വളർന്നു വരാൻ രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും ദൈവവചനം ക്രമമായി പഠിക്കുകയും പാലിക്കാൻ ശ്രദ്ധിക്കുകയും വേണം.

❖❖❖❖



# കല്പനകൾ

യേശുക്രിസ്തുവിനെ ഏക രക്ഷകനും കർത്താവുമായി ഹൃദ യത്തിൽ സ്വീകരിച്ച് രക്ഷിക്കപ്പെട്ട് ദൈവമക്കളായിത്തീർന്ന വർക്കുള്ള നിരവധി വാഗ്ദത്തങ്ങൾ തിരുവെഴുത്തിലുണ്ട്. അതു പോലെ തന്നെ അവർ അനുസരിക്കേണ്ട കല്പനകളെയും കാണുവാൻ സാധിക്കും. ഒരു ആണ്ടിലെ 365 ദിവസങ്ങളിലേ ക്കുള്ള ഓരോരോ വാഗ്ദത്തങ്ങളുണ്ട്. ഞാൻ ലോകാവസാന ത്തോളം നിന്നോടു കൂടെയുണ്ട്. (മത്തായി 28:20) അദ്ധ്വാനി ക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. (മത്തായി 11:28). ഭയപ്പെടേണ്ട ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ള വൻ എന്നിങ്ങനെയുള്ള അനേകം വാഗ്ദത്തങ്ങൾ നമ്മുടെ അവ കാശമായി തന്നിട്ടുണ്ട്.

അനേകം കല്പനകളും നാം അനുസരിക്കേണ്ടതിനായി കർത്താവ് തന്നിട്ടുണ്ട്. വിജയകരമായ ക്രിസ്തീയ ജീവിതത്തിന് ഈ കല്പനകൾ നാം അനുസരിച്ചേ മതിയാകൂ..

കല്പന അനുസരിക്കുന്നത് ദൈവത്തിന് പ്രസാദമാണ് (1 ശമു വേൽ 15:22). നിരസിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിന് തുല്യമാണ്.

കല്പന പ്രമാണിക്കുന്നവൻ ക്രിസ്തുവിൽ വസിക്കുന്നു (1 യോഹന്നാൻ 3:24).

കർത്താവിനെ സ്നേഹിക്കുന്നു (യോഹന്നാൻ 14:5)

കൽപ്പന അനുസരിച്ചാൽ നാം ചോദിക്കുന്നതു ലഭിക്കും. അനുസരിക്കാത്തവൻ ചോദിച്ചാൽ കിട്ടണമെന്നില്ല (1 യോഹന്നാൻ 2:5)

വീണ്ടും ജനനം പ്രാപിച്ച് ദൈവമക്കളായിത്തീർന്ന നമുക്ക് ദൈവം തന്ന ചില പ്രധാന കല്പനകളുണ്ട്. അവയെക്കുറിച്ച് ചുരുക്കമായി ചിന്തിക്കാം.

1. സ്നാനം

കർത്താവായ യേശു മരിച്ചുയർത്ത് ഈ ലോകത്തിൽ നിന്നു പിതാവിന്റെ  അടുക്കലേക്ക് പോകുന്നതിനു മുമ്പ് ശിഷ്യന്മാരോടു പറഞ്ഞു. “നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചതു പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ.” (മത്തായി 28:19,20). സ്നാനം എന്നതു കർത്താവിന്റെ കൽപ്പനയാണ്. സ്നാനത്താൽ നമുക്ക് ക്രിസ്തുവിനോട് നല്ല മനസാക്ഷിയുണ്ടാകുന്നു (1 പത്രോസ് 3:21). സ്നാനം ക്രിസ്തുവിന്റെ ജനന മരണ പുനരുത്ഥാനത്തിൽ പങ്കാളിയാകുന്ന പ്രവൃത്തിയാണ്. കൂടാതെ സ്നാനത്തിൽ നാം ക്രിസ്തുവിനെ ധരിക്കുകയാണ് (ഗലാ. 3:27).

**മാതൃക ക്രിസ്തു.** കർത്താവ് തന്നെയാണ് സ്നാനത്തിന് നമ്മൾക്ക് മാതൃക. യോഹന്നാൻ സ്നാപകൻ സ്നാനം കഴിപ്പിച്ചു കൊണ്ടിരിക്കുന്ന യോർദ്ദാൻ നദിയിൽ (മത്തായി 3:6, യോഹ. 1:21–23) കർത്താവായ യേശുക്രിസ്തു യോഹന്നാനാൽ സ്നാനം ഏറ്റു. കൂടാതെ ആദിമവിശ്വാസികൾ കൂട്ടത്തോടെ, ഏകദേശം 3000 പേർ സ്നാനപ്പെട്ടു. (അ. പ്രവൃത്തി 2:41).

## ആർക്ക് സ്നാനപ്പെടാം/ എങ്ങനെയാണ് സ്നാനപ്പെടേണ്ടത്?

മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട വ്യക്തികളാണ് സ്നാനപ്പെടേണ്ടത്. (അ. പ്രവൃത്തി 2:38, 41). സ്നാനം ആർക്കാണ്, എങ്ങനെയാണ് എന്നതിനെക്കുറിച്ച് അപ്പോസ്തോല പ്രവൃത്തി 8-ാം അദ്ധ്യായത്തിൽ വ്യക്തമായി കാണാം. ഫിലിപ്പോസ് ഷണ്ഡനോട് കർത്താവിനെക്കുറിച്ച് തിരുവെഴുത്ത് ആധാരമാക്കി സുവിശേഷം അറിയിച്ചു. വെള്ളം കണ്ടപ്പോൾ ഷണ്ഡൻ പറഞ്ഞു. ഇതാ വെള്ളം! ഞാൻ സ്നാനം ഏൽക്കുന്നതിന് എന്തു വിരോധം. അതിനു ഫിലിപ്പോസ് നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു ഉത്തരം പറഞ്ഞു. ഫിലിപ്പോസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി. ഫിലിപ്പോസ് ഷണ്ഡനെ സ്നാനപ്പെടുത്തി.

യേശുക്രിസ്തുവിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ച് രക്ഷാനിർണ്ണയം പ്രാപിച്ചവരാണ് സ്നാനപ്പെടേണ്ടത്. വെള്ളത്തിൽ പൂർണ്ണമായി മുങ്ങിയുള്ള സ്നാനമാണ് വേണ്ടത്. അതു യേശുക്രിസ്തുവിന്റെ മരണ, അടക്ക പുനരുദ്ധാനത്തോടുള്ള ഏകീഭാവമാണ്. രക്ഷിക്കപ്പെടാത്തവരെ സ്നാനപ്പെടുത്തുവാൻ വചനം അനുവദിക്കുന്നില്ല.

## മാമോദീസാ സ്വീകരിച്ചവർ വീണ്ടും സ്നാനം ഏൽക്കേണ്ടതുണ്ടോ?

ക്രിസ്തീയ സമൂഹങ്ങളിൽ കുഞ്ഞ് ജനിച്ച് എട്ടാം നാളിലോ അതിനോടടുത്ത ദിവസങ്ങളിലോ മാമോദീസ തളിക്കുന്ന രീതിയുണ്ട്. ഇതു ക്രിസ്തീയ പേരു നൽകി സഭാംഗമാക്കുന്ന ഒരു *ചടങ്ങാണ്. ഈ മാമോദീസയും ബൈബിൾ അനുശാസിക്കുന്ന സ്നാനവും തത്വത്തിൽ ഒന്നല്ല.

സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ചവർ അനുസരിക്കേണ്ട ദൈവിക കൽപ്പനയാണ് സ്നാനം. രക്ഷിക്കപ്പെട്ടവർ സ്നാനം ഏൽക്ക

ണം. മാമോദീസ പാപബോധമുളവാകുന്നതിന് മുമ്പ് മാതാപിതാക്കളുടെ ഇഷ്ടപ്രകാരം ചെയ്ത ഒരു മതപരമായ ചടങ്ങ് മാത്രമാകയാൽ , മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവം പ്രാപിച്ചവർ സ്നാനം ഏൽക്കേണ്ടതാണ്. സ്നാനത്തിന് മാമോദീസ പകരമാകുന്നില്ല.

## തിരുവത്താഴം അഥവാ കർത്തൃമേശാചരണം

യേശു ഏകയാഗത്താൽ വിശുദ്ധീകരിക്കപ്പെടുന്നവർക്കു വേണ്ടി സദാ കാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അതുകൊണ്ട് കൂടെ കൂടെ യാഗം കഴിക്കേണ്ട ആവശ്യവും ഇനിയില്ല. (എബ്രായർ 10:10-12). എന്നാൽ കർത്താവ് കൽപ്പന തരുന്നതുപോലെ, മാതൃക കാട്ടിയതു പോലെ (മത്തായി 26: 26-28) കർത്താവിന്റെ ഓർമ്മയ്ക്കായി കർത്തൃമേശ ആചരിക്കേണ്ടതുണ്ട്. കർത്താവ് പറഞ്ഞു. ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ (1 കൊരി. 11:24). അപ്പവും വീഞ്ഞും കർത്താവിന്റെ മരണത്തെ ഓർപ്പിക്കുന്ന ഓർമ്മവസ്തുക്കൾ മാത്രമാണ്. ഇവ കഴിക്കുമ്പോൾ നമ്മെ തന്നെ ശോധന ചെയ്തിട്ട് വേണം ഇവയിൽ നിന്നും പങ്കാളിയാവാൻ. അയോഗ്യമായി കഴിച്ചാൽ നാം ശരീരത്തെ വിവേചിക്കാത്തതുകൊണ്ട് ശിക്ഷാവിധി ഏറ്റുവാങ്ങും. തന്മൂലം രോഗവും ബലഹീനതയും മരണം പോലും സംഭവിക്കാം. അതുകൊണ്ട് ഇതു എല്ലാ ആഴ്ചയും ചെയ്യുന്ന ഒരു ആചാരമാക്കാതെ വിശുദ്ധിയോടു കൂടി ദൈവ സന്നിധിയിൽ കടന്നു വരുമ്പോൾ അനുഷ്ഠിക്കേണ്ട ഒന്നായി കരുതേണ്ടതാണ്.

## പ്രാർത്ഥന

ഒരു ദൈവപൈതൽ തന്റെ പിതാവായ ദൈവവുമായി ആശയവിനിമയം ചെയ്യുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ ആദ്യം തന്നെ രക്ഷിച്ച പിതാവിനു നന്ദി പറയണം. തുടർന്നു അനുദിന ജീവിതത്തിലുള്ള ആവശ്യങ്ങൾ കർത്താവായ യേശുവിന്റെ

നാമത്തിൽ (യോഹ. 16:23,24) പിതാവായ ദൈവത്തെ അറിയിക്കണം. അതു തരുവാൻ ദൈവം മതിയായവൻ എന്ന വിശ്വാസം നമ്മെ ഭരിക്കണം. പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു കഴിയുമ്പോൾ നന്ദി പറയുവാനും നാം പ്രത്യേകം ശ്രദ്ധിക്കണം. ദൈവവുമായി ഹൃദ്യമായ ബന്ധം പുലർത്തുന്നതിന് തടസ്സമായി എന്തെങ്കിലും പാപം ജീവിതത്തിലുണ്ടെങ്കിൽ പ്രാർത്ഥിക്കും മുമ്പ് അത് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം. ഇങ്ങനെ ദൈവസന്നിധിയിൽ പാപങ്ങൾ ഏറ്റുപറഞ്ഞും, രക്ഷിച്ചതിന് നന്ദി പറഞ്ഞും ആവശ്യങ്ങൾ ദൈവത്തോടറിയിക്കുന്നതാണ് പ്രാർത്ഥന. അതിൽ ദൈവം പ്രസാദിക്കുന്നു.

## പ്രാർത്ഥനയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1. പ്രാർത്ഥിക്കണമെന്നതു ദൈവത്തിന്റെ കല്പനയാണ് (മത്തായി 7:7)
2. ദിനം തോറും, എല്ലായ്പ്പോഴും, ഇടവിടാതെ, മടുത്തു പോകാതെ പ്രാർത്ഥിക്കണം (സങ്കീർത്തനം 86:3; ലൂക്കോസ് 18:18, 1 തിമൊ 2:8, 1 തെസ്സ . 5:17)
3. വിശ്വാസത്തോടെ പ്രാർത്ഥിക്കണം (എബ്രായർ 11:6)
4. ദൈവഹിതപ്രകാരം പ്രാർത്ഥിക്കണം
5. ദൈവകൽപ്പനകളെ പ്രമാണിച്ചുകൊണ്ട് പ്രാർത്ഥിക്കണം.
6. മറ്റുള്ളവരോട് ക്ഷമിച്ചുകൊണ്ട് നാം പ്രാർത്ഥിക്കണം (മർക്കോസ് 11:25) എന്നതു കർത്താവ് നമുക്കു നൽകിയ ഒരു പ്രധാന കൽപ്പനയാണ്. നാം ക്ഷമിക്കാത്ത പക്ഷം നമുക്കു ക്ഷമ ലഭിക്കില്ല.
7. പിതാവായ ദൈവത്തോട് യേശുക്രിസ്തുവിന്റെ നാമത്തിൽ പരിശുദ്ധാത്മാവിനാൽ പ്രാർത്ഥിക്കണം (യൂദ.20; റോമ 8:17; യോഹ. 16:24).

പ്രാർത്ഥനയ്ക്ക് മാതൃക യേശുക്രിസ്തു തന്നെയാണ്. യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ ഓരോ ചുവടുവയ്പിലും

പിതാവിനോടു പ്രാർത്ഥിക്കുന്നതായി നാം കാണുന്നു (ലൂക്കോസ് 6:12). പ്രാർത്ഥന ഒരിക്കലും ദൈവത്തെ നമ്മുടെ ആഗ്രഹത്തിലേക്ക് കൊണ്ടുവരുവാൻ നോക്കുന്നതല്ല. മറിച്ച്, ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കുന്നതാണ്. കർത്താവ് പറഞ്ഞതുപോലെ, എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നടക്കണമെ, അതാണ് പ്രാർത്ഥന.

## സൽപ്രവൃത്തി

രക്ഷയ്ക്ക് സൽപ്രവൃത്തി ആവശ്യമില്ല (എഫെ. 2:8,9). എന്നാൽ രക്ഷിക്കപ്പെട്ട ദൈവമക്കളെ സംബന്ധിച്ചിടത്തോളം നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. (എഫെ. 2:10).

നമ്മെ കർത്താവ് രക്ഷിച്ചതിന്റെ ഒരു ഉദ്ദേശം തന്നെ നാം സൽപ്ര വൃത്തി ചെയ്യുന്നവരാകണമെന്നതാണ്. നാം സൽപ്രവൃത്തിക ളിൽ ശുഷ്കാന്തിയും ഉൽസാഹവമുള്ളവരായിരിക്കേണം എന്നു ദൈവം ആഗ്രഹിക്കുന്നു (തീത്തോ. 2:14; 3:8). കൂടാതെ ശത്രു നമ്മെ കുറ്റം പറയാതെ, ഒരു തിന്മയും പറയുവാനില്ലാതെ ലജ്ജി ക്കേണ്ടതിന് നാം സൽപ്രവൃത്തികളിൽ നമ്മെത്തന്നെ മാതൃക യായി കാണിക്കേണ്ടതാണ്. ഇതിലും കർത്താവ് തന്നെയാണ് നമുക്ക് മാതൃക.

## ആത്മനിറവുള്ള ജീവിതം

ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതിക ളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ച് നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും.... സ്തോത്രം ചെയ്തു കൊൾവിൻ (എഫെസ്യർ 5:18–21).

മഹാധനികനായ ഒരാൾ ഒരു വീട് മേടിച്ച് ശുദ്ധിയാക്കി. അതിൽ നിന്നും പാറ്റ, ഈച്ച, കൊതുക്, എലി എന്നിവയെ നശിപ്പിച്ച് വീട് വെടിപ്പുള്ളതാക്കി. ആ വീട് മുഴുവനും സുഗന്ധം പരത്താൻ സഹായിക്കുന്ന ഒരു ചെടി വീട്ടിൽ കൊണ്ടു വന്നു. അതിലെ

പൂക്കൾ വിരിഞ്ഞ് വീടും പരിസരവും സുഗന്ധപൂരിതമായി. ആ വീട്ടിലേക്ക് കടന്നുവന്നവർക്ക് സന്തോഷവും ആശ്വാസവും ലഭിച്ചു. ഒരു സ്വർഗ്ഗീയാനുഭൂതിയായിരുന്നു ആ പരിസരമാകെ.

അങ്ങനെയിരിക്കെ വീട്ടുടയവൻ കുറച്ചു ദിവസം അവിടെ നിന്നും മാറിനിൽക്കേണ്ടി വന്നു. ചില ദിവസങ്ങൾക്കു ശേഷം വീട്ടുടയവൻ മടങ്ങി വന്നു. സുഗന്ധത്തെ പ്രതീക്ഷിച്ചു വീട്ടുമുറ്റത്തെത്തിയ അദ്ദേഹത്തിന്റെ മൂക്കിൽ അസഹനീയമായ ദുർഗന്ധം മണത്തു. തന്റെ ചെടികളിൽ പൂക്കളുണ്ടെങ്കിലും അവയുടെ സുഗന്ധം ഇപ്പോൾ അനുഭവിക്കാൻ സാധിക്കുന്നില്ല. കാരണം എന്തെന്നറിയാൻ അദ്ദേഹം വീടുമുഴുവൻ പരിശോധിച്ചു. താൻ വൃത്തിയാക്കിയ വീടിനുള്ളിൽ എലിയും, പാറ്റയും എട്ടുകാലിയുമൊക്കെ കയറിക്കൂടിയിരിക്കുന്നു. ഒരു മൂലയ്ക്ക് ചത്തു ചീഞ്ഞു കിടക്കുന്ന എലിയുടെ ദുർഗന്ധമാണ് തന്റെ വീടിന്റെ സൗരഭ്യം ഇല്ലാതാക്കിയതെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം വളരെ ബദ്ധപ്പെട്ട് ആ ദുർഗന്ധം വമിക്കുന്ന എലിയെ എടുത്ത് കളഞ്ഞ് വീട് അടിച്ചുവാരി വൃത്തിയാക്കി. വീണ്ടും സൗരഭ്യം വീട്ടിലാകെ നിറഞ്ഞു. വീടും പരിസരവും ദിനംതോറും വൃത്തിയാക്കിയാൽ മാത്രമേ സുഗന്ധം അനുഭവിക്കാൻ കഴിയൂ. ഇതുപോലെ തന്നെയാണ് ആത്മനിറവുള്ള ജീവിതവും. അനുദിന ജീവിതത്തിൽ കടന്നു കൂടുന്ന പാപങ്ങളാകുന്ന അശുദ്ധിയെ കണ്ടെത്തി, ഹൃദയത്തെ ശുദ്ധി ചെയ്താൽ മാത്രമേ പരിശുദ്ധാത്മ നിറവിന്റെ സന്തോഷവും അനുഗ്രഹവും അനുഭവിച്ചറിയുവാൻ സാധിക്കൂ.

സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് (1 പത്രോസ് 2:1). നമ്മുടെ ജീവിതത്തിൽ മുറുകെ പറ്റുന്ന പാപങ്ങളെ തിരുവചന വെളിച്ചത്തിൽ കണ്ടെത്തി, നമ്മെ തന്നെ ശുദ്ധീകരിക്കുമ്പോഴാണ് ആത്മനിറവിന്റെ അനുഭവവും നമുക്ക് ലഭിക്കൂ.

ആത്മാവിൽ നിറയുക എന്നു പറഞ്ഞാൽ നമ്മുടെ ജീവിതം ആത്മാവിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കുക എന്നുള്ളതാ

ണ്. ഒരാൾ മദ്യം കുടിച്ചു കഴിയുമ്പോൾ മദ്യത്തിന്റെ നിയന്ത്രണത്തിലായിത്തീരുകയും കലഹത്തിലേക്കും ദുർന്നടപ്പിലേക്കും അവൻ വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്നു. ഒരുവൻ ആത്മാവിൽ നിറയുമ്പോൾ അവനിൽ നിന്നു സ്തുതിയും സ്തോത്രവും സങ്കീർത്തനങ്ങളും പുറപ്പെടുന്നു. അവൻ പരിശുദ്ധാത്മാവിനെ അനുസരിച്ച് വിശുദ്ധിയുടെ മാർഗ്ഗത്തിൽ ജീവിക്കും. അതുകൊണ്ട് അവനിൽ ജഡത്തിന്റെ മോഹം നിറവേറുകയില്ല (ഗലാ. 5:16).

ആത്മ നിറവിൽ ജീവിക്കുമ്പോൾ ആ വ്യക്തിയിൽ നിന്നും ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ പുറപ്പെടുന്നു. കൂടാതെ ഓരോ വ്യക്തിക്കും പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യേക കഴിവ് (വരം) ഉപയോഗിച്ച് 30,60,100 മേനി ഫലം പുറപ്പെടുവിക്കാനും കഴിയും.

പരിശുദ്ധാത്മാവിന് വിധേയപ്പെട്ട് വചനത്തോടുള്ള അനുസരണത്തിൽ നാം ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനെ വിശ്വാസത്താൽ ഹൃദയത്തിൽ സ്വീകരിച്ചവർ ദൈവകല്പനകൾ അനുസരിച്ച് ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആ നിലയിൽ കല്പനകൾ പ്രമാണിച്ച് ജീവിക്കുമ്പോൾ ദൈവപ്രസാദം നമുക്കു ലഭിക്കും. നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും പ്രത്യാശയും നിറയും.


ക്രിസ്തീയ ജീവിതത്തിലെ അടിസ്ഥാനപരമായ വിഷയങ്ങൾ ഏറ്റവും ലളിതമായും ചുരുക്കമായും ഈ ചെറുപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്കെഴുതുക.

**BRETHREN GOSPEL MINISTRIES**
Logos Bhavan, Maneed P.O.,
Ernakulam 686 664, Tel : 09744706373

# വിശ്വാസജീവിത വീഥി

## വിജയകരമായ ക്രിസ്തീയ ജീവിതത്തിനൊരു വഴികാട്ടി

മനനം ചെയ്യുന്നവനാണ് മനുഷ്യൻ.
ഭൂതകാലത്തെക്കുറിച്ചും
വർത്തമാനകാലത്തെക്കുറിച്ചും
ഭാവികാലത്തെക്കുറിച്ചും മനുഷ്യൻ
ചിന്തിക്കുന്നു. വർത്തമാന കാല
സാഹചര്യത്തിൽ ജീവിക്കുന്ന മനുഷ്യൻ
തന്റെ ഭാവിയെക്കുറിച്ചറിയുവാൻ
ആഗ്രഹിക്കുന്നു. മരണാനന്തര
ജീവിതത്തെക്കുറിച്ചും ഓരോ സന്ദർഭങ്ങളിൽ
മനുഷ്യൻ ചിന്തിക്കുന്നു. മരണാനന്തര
ജീവിതം മനുഷ്യർക്ക് സ്വർഗ്ഗീയ അവകാശ
മായി ലഭിക്കുന്നതു യേശുക്രിസ്തുവിലുള്ള
വിശ്വാസത്താലും ആശ്രയത്താലുമാണ്. ഇതു
കേവലം തത്വമല്ല. അനേകായിരങ്ങളുടെ
ജീവിത അനുഭവമാണ്. ഈ ലോക
ജീവിതത്തിൽ ശാന്തിയും സമാധാനവും
ദൈവിക അനുഗ്രഹവുമുള്ള ജീവിതം
എങ്ങനെ നയിക്കാൻ സാധിക്കുമെന്ന് ഈ
ചെറുഗ്രന്ഥം വിശദമാക്കുന്നു.



*Sponsored by :* **K.V. Jose and Anie Jose, Kalamassery**